മണ്ഡരി രോഗ നിവാരണ നടപടികൾ

120(1946) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗ നിവാരണത്തിനായുള്ള മരുന്ന് തളി തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഘട്ടം മരുന്നു തളി പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകൾക്ക് ശരാശരി എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് അദ്യ ഘട്ടം മരുന്നുതളിക്കാണോ അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) മരുന്നുതളി നടപ്പാക്കുന്നതിൽ കൃഷി ഓഫീസുകൾ മേൽനോട്ടം വഹിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പനവൂർ, ആനാട്, കുറ്റിച്ചൽ, ഉഴമലക്കൽ, വാമനപുരം, കല്ലറ, പാങ്ങോട്, നന്ദിയോട്, അഞ്ചുതെങ്ങ്, വെട്ടൂർ, ഇടവ, ഇലകമൺ, കിളിമാനൂർ, പഴയകുന്നുമ്മൽ, നഗരൂർ, മടവൂർ, പള്ളിക്കൽ, കരവാരം, നാവായിക്കുളം, പുളിമാത്ത് എന്നീ പഞ്ചായത്തുകളും വർക്കല മുനിസിപ്പാലിറ്റിയും മരുന്നു തളി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഒന്നാംഘട്ടം പൂർത്തിയാക്കി വരുന്നു.

(സി) ആദ്യഘട്ട മരുന്നു തളിയ്ക്കായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. ഓരോ പഞ്ചായത്തിലും ആവശ്യാനുസരണം തെങ്ങുകളുടെ എണ്ണം അനുസരിച്ച് തുക അനുവദിച്ചിട്ടുണ്ട്. വിതരണം നടത്തിയ തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്.

മണ്ഡരി രോഗനിവാരണത്തിന് സർക്കാർ നൽകുന്ന തുക

121 (1947) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗ നിവാരണത്തിനായി സർക്കാർ നൽകുന്ന തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണോ കൃഷി ഓഫീസുകൾക്കാണോ നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളിലുള്ള കൃഷി ഓഫീസുകൾക്ക് ഇക്കാര്യത്തിലുള്ള ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly